**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ നിവാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാട്ടുതീ നിവാരണത്തിനായി ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കാട്ടുതീ നിവാരണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തെ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) | കാട്ടുതീ തടയാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കാട്ടുതീ ഉണ്ടാകുവാൻ ഏറെ സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യതയില്ലാത്ത മേഖല (Highly Fire Prone, Moderately Fire Prone & Low Fire Prone) എന്നിങ്ങനെ തിരിച്ച് 1129 ബ്ലോക്കുകളിലായി തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നിലവിൽ നടത്തി വരുന്നത്.<br><br>ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനും കീഴിലും പ്രവർത്തനം നടത്തി വരുന്നു. വനംവകുപ്പ് ആസ്ഥാനത്തും ഫയർ സെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ (FSI) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br><br>കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, |

| | | | |
|---|---|---|---|
| | | | നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.<br><br>വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിറുത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങുകൾ നടത്തുന്നു.<br><br>പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.<br><br>ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും കാട്ടുതീ പടരുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി/വനസംരക്ഷണ സമിതി അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ സാദ്ധ്യതയുള്ള മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു. |
| (സി) | കാട്ടുതീ നിരീക്ഷണ/പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | വനം വകുപ്പ് മേധാവിയുടെ 31.12.2024-ലെ Pro(5) 76/2024 ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ആയത് പ്രകാരം ടെറിട്ടോറിയൽ, വൈൽഡ് ലൈഫ് സർക്കിളുകളിൽ 01.01.25 മുതൽ കൺട്രോൾ റൂം രൂപീകരിക്കാനും, അതാത് സർക്കിളുകളിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ (എസ്.ഐ.പി) മേൽ നോട്ടത്തിലും വൈൽഡ് ലൈഫ് സർക്കിളുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ നേതൃത്വത്തിലും കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിക്കുവാനും ആയതിന്റെ വിവരങ്ങൾ വനംവകുപ്പ് ആസ്ഥാനത്തെ മോണിറ്ററിംഗ് സെല്ലിൽ റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ടെറിട്ടോറിയൽ, വൈൽഡ് ലൈഫ് സർക്കിളുകളിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്.ഐ.പി), ടെക്നിക്കൽ അസിസ്റ്റന്റ്മാർ എന്നിവരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. അതോടൊപ്പം റെയിഞ്ച് തലത്തിലും സെക്ഷൻ തലത്തിലും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | | | ഓഫീസർ എന്നിവരുടെ ചുമതലയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ ഫയർ കൺട്രോൾ റൂമുകൾ പ്രവർത്തിച്ച് വരുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് ഫയർ വാച്ചർമാരെ നിയോഗിക്കുകയും നിലവിലെ 400 വനസംരക്ഷണ സമിതികളുടെയും 190 ഇക്കോ ഡവലപ്പ്മെന്റ് കമ്മറ്റികളുടെയും സഹായത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇക്കോ ഡവലപ്പ്മെന്റ് കമ്മറ്റി/വനസംരക്ഷണ സമിതി അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു. ട്രക്ക് പാത്തുകളും, കൂപ്പുറോഡുകളും നവീകരിച്ച് ഉൾക്കാട്ടുകളിൽ താമസംവിനാ എത്തിച്ചേർന്ന് കാട്ടുതീ കണ്ടെത്തി തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കാട്ടുതീ നിവാരണവുമായി ബന്ധപ്പെട്ട് ജൈവകവചം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ